E-mail:kpsc.psc@kerala.gov.in Website :- www.keralapsc.gov.in
Telephone: 0481 2578278

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ആഫീസ്, കോട്ടയം

നമ്പർ:KV(1)239/16 കോട്ടയം,
R.L No.745/16/DOK 15/12/2016
Cat.No.515/14

## വിജ്ഞാപനം

25.11.2014 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം കോട്ടയം ജില്ലയിൽ വിവിധ വകുപ്പുകളിൽ ₹ 9190 -15780 (PR) ശമ്പള നിരക്കിൽ ഡ്രൈവർ ഗ്രേഡ്-II (എച്ച്.ഡി.വി)(എൻ.സി.എ-പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 515/14)തസ്തികയുടെ തെരഞ്ഞെടുപ്പിനായി 18.09.2015 തീയതിയിൽ നടത്തിയ ഒ.എം.ആർ പരീക്ഷയുടെയും തുടർന്ന് നടത്തിയ പ്രമാണ പരിശോധനയുടെയും, പ്രായോഗിക പരീക്ഷയുടേയും അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ അർഹരാണെന്ന് കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടിക ചുവടെ ചേർത്തിരിക്കുന്നു. ഈ റാങ്ക് പട്ടികയ്ക്ക് 23.11.2016 തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ഈ റാങ്ക് പട്ടിക 28.12.2011 തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയുടെ കാലയളവിൽ ടി സമുദായത്തിൽപെട്ട ഉദ്യോഗാർത്ഥികളുടെ അഭാവംമൂലം നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

നിലവിലുള്ള നടപടി ക്രമമനുസരിച്ച് ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം നടത്തുന്നതല്ല; ഉത്തരക്കടലാസുകളുടെ പുന പരിശോധന നടത്തുന്നതാണ്. ആയതിലേക്ക് 0051-PSC-105-STATE PSC-99-EXAMINATION FEE എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 50/- രൂപാ ചെലാൻ ഒടുക്കി നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൽ ജില്ലാ ആഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ആഫീസ്, കോട്ടയം, ദേവലോകം 686004 എന്ന വിലാസത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 45 ദിവസത്തിനകം അപേക്ഷിക്കേണ്ടതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷ കമ്മീഷന്റെ വെബ്സൈറ്റിലും ( www.keralapsc.gov.in) വിവിധ ജില്ലാ ഓഫീസുകളിലെ അന്വേഷണവിഭാഗത്തിലും (സൗജന്യമായി) ലഭിക്കുന്നതാണ്. നിശ്ചിത മാതൃകയിലല്ലാത്ത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ഒരിക്കൽ ഒടുക്കിയ ഫീസ് തിരിച്ച് നൽകുന്നതല്ല.

ഉത്തരക്കടലാസുകളുടെ ഫോട്ടോ കോപ്പി (പാർട്ട് A യും B യും) ആവശ്യമുള്ളവർ **0051-PSC-800-STATE PSC-99-OTHER RECEIPTS** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 300/- രൂപ ചെലാൻ ഒടുക്കി നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 45 ദിവസത്തിനകം ജില്ലാ ആഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ആഫീസ്, കോട്ടയം, ദേവലോകം 686004 എന്ന വിലാസത്തിൽ അസ്സൽ ചെലാൻ സഹിതം അപേക്ഷിക്കേണ്ടതാണ്. ഒരു ഉദ്യോഗാർത്ഥിക്ക് ഒരു തവണ മാത്രമേ ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി നല്കുകയുള്ളൂ.

തന്റേതല്ലാത്ത ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പിയ്ക്കോ പുന പരിശോധനയ്ക്കോ ഉദ്യോഗാർത്ഥി അപേക്ഷിക്കാൻ പാടില്ല. അത്തരത്തിൽ അപേക്ഷിച്ചതായി തെളിഞ്ഞാൽ പ്രസ്തുത ഉദ്യോഗാർത്ഥിയ്ക്കെതിരേ കമ്മീഷൻ നിയമനടപടി സ്വീകരിക്കുന്നതാണ്. ഉത്തരക്കടലാസ് പുനപരിശോധനയ്ക്കും ഫോട്ടോകോപ്പിക്കുമുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 16.01.2017 ആണ്. മേൽ തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

നിയമനം വേണ്ടെന്ന് വെയ്ക്കാനാഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്. ഇങ്ങനെയുള്ള ഉദ്യോഗാർത്ഥികൾ ‘ നിയമിക്കപ്പെടാനുള്ള അവകാശം വേണ്ടെന്ന് വെയ്ക്കുന്നു’ എന്ന് എഴുതിയ രേഖ സംസ്ഥാന/കേന്ദ്ര സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോട് കൂടി (ടി ഉദ്യോഗസ്ഥന്റെ പേരും, പദവിയും ഓഫീസ് മുദ്രയും പതിച്ചിരിക്കണം.) റാങ്ക് ലിസ്റ്റ് പ്രസീദ്ധീകരിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. ഉദ്യോഗാർത്ഥി നിയമനശിപാർശ ചെയ്യപ്പെടാൻ അർഹമാകുന്ന ഒഴിവുകൾ ഈ ആഫീസിൽ അറിയിക്കപ്പെടുന്ന തീയതിയിലോ അതിന് മുമ്പോ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പിന്നീട് പരിഗണിക്കുകയുള്ളൂ.

കമ്മീഷന്റെ ഉത്തരവിൻപ്രകാരം

Sd/-
മീര. കെ.സി
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, കോട്ടയം

skb/15/12/16